പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 295 12-10-2026-ൽ മറുപടിയ്ക്ക്

**പൂവച്ചൽ സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** — **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പൂവച്ചൽ സുകുമാരൻ വൈദ്യർ സൗജന്യമായി വിട്ടുനൽകിയ രണ്ടര ഏക്കറിലധികം ഭൂമിയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയത്തിന് അദ്ദേഹത്തിന്റെ സ്മരണാർത്ഥം പൂവച്ചൽ സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ് എന്ന് നാമകരണം ചെയ്യണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** **അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ ജാനകി മെമ്മോറിയൽ ട്രസ്റ്റിനു വേണ്ടി ടി ട്രസ്റ്റിന്റെ സ്ഥിരം മാനേജിംഗ് ട്രസ്റ്റി പന്നിയോട് ശ്രീലക്ഷ്മിയിൽ ശ്രീ. സുകുമാരൻ വൈദ്യർ കേരള സർക്കാരിന്റെ ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്ന ഭൂരഹിത ഭവനരഹിതരായവർക്ക് കെട്ടിട സമുച്ചയം പണിതു കൊടുക്കുന്നതിനായി പൂവച്ചൽ ഗ്രാമപഞ്ചായത്തിന് സൗജന്യമായി 10.06.2020 തീയതി 656/2020-ാം നമ്പർ ആധാര പ്രകാരം രജിസ്റ്റർ ചെയ്ത് നൽകിയ ആധാരത്തിൽ 'വസ്തുവിലും കെട്ടിട സമുച്ചയത്തിലും ജാനകി മെമ്മോറിയൽ ട്രസ്റ്റ് ദാനമായി നൽകിയ വസ്തു' എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത ഭവന സമുച്ചയത്തിന് 'പൂവച്ചൽ സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ്' എന്ന് നാമകരണം ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.**

(ബി) ഈ വിഷയത്തിൽ അനുകൂല നടപടി സ്വീകരിച്ച് കാലതാമസം കൂടാതെ ഉത്തരവുണ്ടാകുമോയെന്ന് അറിയിക്കാമോ?

**മറുപടി:** **അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ ജാനകി മെമ്മോറിയൽ ട്രസ്റ്റിനു വേണ്ടി ടി ട്രസ്റ്റിന്റെ സ്ഥിരം മാനേജിംഗ് ട്രസ്റ്റി പന്നിയോട് ശ്രീലക്ഷ്മിയിൽ ശ്രീ. സുകുമാരൻ വൈദ്യർ കേരള സർക്കാരിന്റെ ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്ന ഭൂരഹിത ഭവനരഹിതരായവർക്ക് കെട്ടിട സമുച്ചയം പണിതു കൊടുക്കുന്നതിനായി പൂവച്ചൽ ഗ്രാമപഞ്ചായത്തിന് സൗജന്യമായി 10.06.2020 തീയതി 656/2020-ാം നമ്പർ ആധാര പ്രകാരം രജിസ്റ്റർ ചെയ്ത് നൽകിയ ആധാരത്തിൽ 'വസ്തുവിലും കെട്ടിട സമുച്ചയത്തിലും ജാനകി മെമ്മോറിയൽ ട്രസ്റ്റ് ദാനമായി നൽകിയ വസ്തു' എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത ഭവന സമുച്ചയത്തിന് 'പൂവച്ചൽ**

**സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ്" എന്ന് നാമകരണം ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**